# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 04.10.2025

## പ്രധാനവാർത്തകൾ

1. രാജ്യത്ത് യുവജന കേന്ദ്രീകൃതമായ 62,000 കോടിയിലധികം രൂപയുടെ വിവിധ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു.
2. ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ മലയാളത്തിന്റെ മഹാനടൻ മോഹൻലാലിന് ഇന്ന് നാടിന്റെ ആദരം; സംസ്ഥാന സർക്കാരിനായി മുഖ്യമന്ത്രി പിണറായി വിജയൻ അനുമോദിക്കും.
3. ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ സമഗ്രമായ അന്വേഷണം വേണമെന്ന ആവശ്യം ശക്തം; സ്വർണം ചെന്നൈയിൽ കൊണ്ടുപോയതിൽ വീഴ്ചയില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്.
4. രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചുമ, ജലദോഷം എന്നിവയ്ക്കുള്ള മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ നല്കരുതെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

RNU TVPM

5. ഗാസയിലെ സുസ്ഥിരവും നീതിയുക്തവുമായ സമാധാന ശ്രമങ്ങളെ ഇന്ത്യ ശക്തമായി പിന്തുണയ്ക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

6. ഇന്ത്യയ്ക്കെതിരായ ആദ്യ ടെസ്റ്റിൽ വെസ്റ്റിൻഡീസിന് ബാറ്റിംഗ് തകർച്ച.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി -യുവ പദ്ധതികൾ (ഇൻട്രോ)

രാജ്യത്ത് യുവജന കേന്ദ്രീകൃതമായ 62,000 കോടിയിലധികം രൂപയുടെ വിവിധ സംരംഭങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. നൈപുണ്യത്തിലും നൂതനാശയത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് യുവാക്കളെ ഭാവിയെ നയിക്കാൻ പ്രാപ്തമാക്കാനാണ് തൻറെ സർക്കാർ ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

RNU TVPM

(ഹോൾഡ്-വോയ്സ്)

യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് രാജ്യത്തുടനീളം ആയിരം ഗവൺമെന്റ് ഐ.ടി.ഐ കളുടെ നവീകരണത്തിനായുള്ള പി.എം-സേതു പദ്ധതിയും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## മോഹൻലാൽ

ചലച്ചിത്ര ലോകത്തിന് നൽകിയ സമഗ്ര സംഭാവനയ്ക്കുള്ള രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ മലയാളത്തിൻ്റെ മഹാനടൻ

മോഹൻലാലിനെ സംസ്ഥാന സർക്കാർ ആദരിക്കുന്ന ചടങ്ങിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. 'മലയാളം വാനോളം, ലാൽസലാം' - എന്ന പേരിലുള്ള പരിപാടിയുടെ ഒരുക്കങ്ങൾ മന്ത്രിമാരായ സജി ചെറിയാനും വി ശിവൻകുട്ടിയും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നേരിട്ടെത്തി വിലയിരുത്തി. വൈകിട്ട് 4.30 ന് പരിപാടി ആരംഭിക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന സർക്കാരിന് വേണ്ടി മോഹൻലാലിനെ ആദരിക്കും. പ്രവേശനം പൂർണമായും സൗജന്യമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## ദേവസ്വം പ്രസിഡന്റ്

ശബരിമലയിലെ സ്വർണപ്പാളി ചെന്നൈയിൽ കൊണ്ടുപോയതിൽ വീഴ്ചയില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്.പ്രശാന്ത്. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 12 പാളികളാണ് കൊണ്ടുപോയത്. ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈയിൽ കൊടുത്തുവിട്ടിട്ടില്ല.

PNU TVPM

അദ്ദേഹത്തിൻറെ പേരിലാണ് 40 വർഷത്തെ വാറൻറി ഉള്ളത്. അതുകൊണ്ടാണ് അദ്ദേഹത്തെ കൂട്ടേണ്ടിവന്നതെന്നും പി എസ് പ്രശാന്ത് പറഞ്ഞു. സംഭവത്തിൽ വിശദമായ അന്വേഷണം വേണമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## പന്തളം കൊട്ടാരം-ശബരിമല

ശബരിലയിൽ 1998 ൽ വഴിപാടായി ലഭിച്ച സ്വർണ്ണപ്പാളികൾ 2019 ൽ സ്വർണ്ണം അല്ലാതായത് എങ്ങനെയാണെന്നതിൽ സമഗ്ര

അന്വേഷണം വേണമെന്ന് പന്തളം കൊട്ടാര നിർവാഹക സംഘം. സ്പോൺസർ മാരായി വരുന്നവർക്ക് അതിനുള്ള കഴിവും സാമ്പത്തികവും ഉണ്ടോ എന്ന് അന്വേഷിക്കേണ്ടതും അത്യാവശ്യമാണെന്നും കൊട്ടാര നിർവാഹകസംഘം പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. ഉണ്ണികൃഷ്ണൻ പോറ്റിയെ വിശദമായി ചോദ്യം ചെയ്യണമെന്നും 2019 നു മുമ്പ് സ്വർണം നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും പരിശോധിക്കണമെന്നും വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല-അനൂപ് ആൻറണി

ശബരിമലയിലെ ദ്വാര പാലക ശിൽപത്തിന്റെ പാളികൾ സ്വർണം പൊതിഞ്ഞതുമായി ബന്ധപ്പെട്ട വിഷയത്തിൽ സമഗ്രമായ അന്വേഷണം വേണമെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി അനൂപ് ആന്റണി മലപ്പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തിൽ കേന്ദ്ര ഏജൻസിയുടെ അന്വേഷണം പരിഗണിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതേസമയം വിശ്വഹിന്ദു പരിഷത്തിൻ്റെ ആഭിമുഖ്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അസി. ദേവസ്വം കമ്മീഷണർ ഓഫീസിലേയ്ക്ക് മാർച്ച് നടന്നു.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ശിവൻകുട്ടി (ഇൻട്രോ)

അഖിലേന്ത്യാ ട്രെയിഡ് ടെസ്റ്റിൽ കേരളത്തിലെ ഐ.ടി.ഐ കളിലെ ട്രെയിനികൾ ദേശീയതലത്തിൽ മികച്ച വിജയം നേടിയെന്ന് മന്ത്രി വി.ശിവൻകുട്ടി.

ഐ.ടി.ഐ സംസ്ഥാനതല ബിരുദദാന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു

അദ്ദേഹം. നിർമ്മിത ബുദ്ധി, റോബോട്ടിക് തുടങ്ങിയ പുതുതലമുറ കോഴ്സുകളിലൂടെ യുവാക്കൾക്ക് മികച്ച അവസരങ്ങൾ ഒരുക്കിയെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

## പാലക്കാട് -ചികിത്സാപിഴവ്

പാലക്കാട് ഒൻപത് വയസുകാരിയുടെ കൈ മുറിച്ചുമാറ്റേണ്ടി വന്നത് ചികിത്സാപ്പിഴവ് മൂലമാണെന്ന പരാതിയിൽ

കൂടുതൽ അന്വേഷണം ആവശ്യപ്പെട്ട് വിവിധ സംഘടനകൾ.

അതെ സമയം ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർക്ക് വീഴ്ച്ച സംഭവിച്ചിട്ടില്ലെന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ പ്രാഥമിക റിപ്പോർട്ടിൽ ഉള്ളതെന്നാണ് സൂചന.

പല്ലശന ഒഴിവുപാറ സ്വദേശിയായ പെൺകുട്ടിയുടെ വലതുകൈ ആണ് മുറിച്ചുമാറ്റിയത്.

## കേന്ദ്രം - കഫ് സിറപ്പുകൾ

രണ്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചുമയ്ക്കും ജലദോഷത്തിനുമുള്ള മരുന്നുകൾ ഡോക്ടറുടെ നിർദ്ദേശ പ്രകാരമല്ലാതെ നൽകരുതെന്ന മാർഗനിർദേശം പുറത്തിറക്കി, കേന്ദ്ര ആരോഗ്യ മന്ത്രാലയം. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക്, കൃത്യമായ പരിശോധനകൾക്കു ശേഷം, കടുത്ത മേൽനോട്ടത്തിലായിരിക്കണം മരുന്നുകൾ നൽകേണ്ടതെന്നും നിർദ്ദേശമുണ്ട്. ഇതുസംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളുടെയും

RAJU TVPM

കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസിന്, മന്ത്രാലയം കത്ത് നൽകി.

അതേസമയം, മധ്യപ്രദേശിൽ കഫ് സിറപ്പ് കഴിച്ച കുട്ടികൾ മരിച്ചെന്ന സമീപകാല റിപ്പോർട്ടുകൾ കണക്കിലെടുത്ത്, സംയുക്ത സംഘം, സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## നവരാത്രി -ഘോഷയാത്ര (ഇൻട്രോ)

നവരാത്രി വിഗ്രഹങ്ങളുടെ തിരുവനന്തപുരത്ത് നിന്നുള്ള മടക്ക ഘോഷയാത്ര ആരംഭിച്ചു. രാവിലെ എട്ട് മണിയോടെയാണ് മടക്ക ഘോഷയാത്ര ആരംഭിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## ലോട്ടറി നറുക്കെടുപ്പ്

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ മാറ്റിവച്ച തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും, പൂജാ ബമ്പർ ടിക്കറ്റിന്റെ പ്രകാശനവും ഇന്ന് നടക്കും. തിരുവനന്തപുരത്ത് അല്പസമയത്തിനകം നടക്കുന്ന ചടങ്ങിൽ മന്ത്രി കെ.എൻ.ബാലഗോപാൽ പ്രകാശനം നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## പായസക്കട (ഇൻട്രോ)

മധുരപ്രിയർക്ക് മുന്നിൽ സിനിമാചരിത്രംകൂടി അനാവരണം ചെയ്യൊരു പായസക്കട. അതുല്യ നടൻ എം.ജി സോമൻ്റെ തിരുവല്ല മണ്ണടിപ്പറമ്പിൽ വീട്ട് വളപ്പിലാണ് പായസങ്ങളുടെ വൈവിദ്ധ്യങ്ങളുമായി സോമേട്ടൻസ് മധുരം പായസക്കട പ്രവർത്തിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ഇന്ത്യക്കെതിരായ ആദ്യ ടെസ്റ്റിൽ വിൻഡീസിന് ബാറ്റിംഗ് തകർച്ച . മൂന്നാംദിനം രണ്ടാമിന്നിങ്സ് ബാറ്റിങ് ആരംഭിച്ച സന്ദർശകർക്ക് അഞ്ചുവിക്കറ്റുകൾ ഇതിനകം നഷ്ടമായി.

32 ഓവർ അവസാനിക്കുമ്പോൾ അഞ്ച് വിക്കറ്റിന് 89 റൺസ് എന്ന നിലയിലാണ് വെസ്റ്റിൻഡീസ്. 286 റൺസിന്റെ ലീഡാണ് ആദ്യ ഇന്നിങ്സിൽ ഇന്ത്യ സ്വന്തമാക്കിയത്.

RNU TVPM

## പിഎം-ട്രംപ് ഗാസ

സുസ്ഥിരവും നീതിയുക്തവുമായ സമാധാനത്തിനായുള്ള എല്ലാ ശ്രമങ്ങളെയും ഇന്ത്യ ശക്തമായി പിന്തുണയ്ക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗാസയിലെ സമാധാന ശ്രമങ്ങൾ നിർണായക പുരോഗതി കൈവരിക്കുന്ന സാഹചര്യത്തിൽ പ്രസിഡന്റ് ട്രംപിന്റെ നേതൃത്വത്തെ ഇന്ത്യ സ്വാഗതം ചെയ്യുന്നുവെന്ന് സമൂഹമാധ്യമക്കുറിപ്പിൽ ശ്രീ മോദി പറഞ്ഞു. ബന്ദികളെ മോചിപ്പിക്കുന്നതിന്റെ സൂചനകൾ സുപ്രധാന ചുവടുവയ്പ്പാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതേസമയം ഗാസ സമാധാന നിർദ്ദേശവുമായി സഹകരിക്കാനുമുള്ള ഹമാസിന്റെ സന്നദ്ധതയെ ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് സ്വാഗതം ചെയ്തു.

## സ്വർണം

രാജ്യത്ത് സ്വർണ വിലയിൽ വർധന. ഗ്രാമിന് 80 രൂപ വർധിച്ച് 10,945 രൂപയും പവന് 640 രൂപ കൂടി 87,560 രൂപയുമാണ് ഇന്നത്തെ വില.

## ജലവിതരണം

തിരുവനന്തപുരം നന്ദാവനം റോഡിൽ, വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനിൽ ചോർച്ച പരിഹരിക്കുന്നതിന്റെ ഭാഗമായി നന്ദാവനം, ബേക്കറി ജംഗ്ഷൻ , ഊറ്റുകുഴി, സെക്രട്ടേറിയറ്റ്, ആയുർവേദ കോളജ് ,, മേലേതമ്പാനൂർ, പുളിമൂട്

PNU TVPM

തുടങ്ങിയ സ്ഥലങ്ങളിൽ നാളെ രാവിലെ ഏഴു മണി മുതൽ രാത്രി ഏഴു മണി വരെ ജലവിതരണം മുടങ്ങും.

❁❁❁❁❁❁❁❁❁❁❁❁❁

## പിറവം - വള്ളംകളി

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുള്ള പിറവം വള്ളംകളി മത്സരം ഇന്ന് ഉച്ചയ്ക്ക് രണ്ട് മുതൽ മൂവാറ്റുപുഴയാറിൽ നടക്കും. മന്ത്രി കെ രാജൻ ഓൺലൈനായി ഉദ്ഘാടനം നിർവഹിക്കും. നെഹ്റു ട്രോഫി ജേതാക്കളായ ഒമ്പത് ചുണ്ടൻ വള്ളങ്ങളാണ് ഇത്തവണ മത്സരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## ചിത്രപ്രദർശനം

ഗാന്ധിജിയുടെ ജിവിതം അടിസ്ഥാനമാക്കിയുള്ള സമ്പൂർണ ചിത്രപ്രദർശനം സംസ്ഥാന പുരാരേഖാവകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള താളിയോല രേഖാമ്യൂസിയത്തിൽ സജ്ജീകരിച്ചിരിക്കുന്നു. രാവിലെ 10.15 മുതൽ വൈകുന്നേരം

5 മണി വരെ നീണ്ടു നിൽക്കുന്ന പ്രദർശനത്തിൽ പ്രവേശനം സൗജന്യമാണ്. ഈ മാസം 9 വരെയാണ് പ്രദർശനം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁
❁❁

RNUTVPM